## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3607 — 15/03/2018-ൽ മറുപടിക്ക്

### ബി.എസ്.ഇ.എസ്. താപ വൈദ്യുതനിലയം ഏറ്റെടുക്കാൻ നടപടി

| | ചോദ്യം<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഏലൂരിൽ സ്ഥിതി ചെയ്യുന്ന ബി.എസ്.ഇ.എസ്. താപ വൈദ്യുതനിലയം ഇലക്ട്രിസിറ്റി ബോർഡ് ഏറ്റെടുക്കുന്നതു സംബന്ധിച്ച് 2017 നവംബറിൽ കൂടിയ ഉന്നതതലയോഗത്തിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; | (എ) | 08.11.2017-ൽ കൂടിയ ഉന്നതതലയോഗത്തിൽ കേരളത്തിന്റെ ലോഡ്സെന്ററായ എറണാകുളത്ത് ഒരു സ്റ്റാൻഡ് ബൈ നിലയമായി ബി.കെ.പി.എൽ താപനിലയം നിലനിർത്തുന്നതിന് depreciated വിലയെക്കാൾ അധികരിക്കാത്ത ഏറ്റവും മിതമായ വിലക്ക് ബി.കെ.പി.എൽ താപവൈദ്യുതി നിലയം കെ.എസ്.ഇ.ബി.ലിമിറ്റഡ് വാങ്ങുന്നതിന്റെ സാദ്ധ്യത പരിശോധിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇതുസംബന്ധിച്ച് എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ? | (ബി) | ബി.കെ.പി.എൽ താപവൈദ്യുതി നിലയം ഏറ്റെടുക്കുന്നത് സംബന്ധിച്ച് വിഷയത്തിൽ ബി.കെ.പി.എല്ലുമായി ചർച്ച ചെയ്യുന്നതിന് താഴെപ്പറയുന്ന ഘടനയോടുകൂടി ഒരു കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>(1) പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജ വകുപ്പ് – ചെയർമാൻ.<br>(2) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ കെ.എസ്.ഇ.ബി.ലിമിറ്റഡ് – മെമ്പർ.<br>(3) ഡയറക്ടർ (ഫിനാൻസ്), കെ.എസ്.ഇ.ബി. ലിമിറ്റഡ് – മെമ്പർ.<br>(4) ഡയറക്ടർ (സി.പി.ജനറേഷൻ (ഇ), എസ്.സി.എം & സേഫ്റ്റി), കെ.എസ്.ഇ.ബി.ലിമിറ്റഡ് – മെമ്പർ.<br>(5) ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (കമ്മേർഷ്യൽ & പ്ലാനിംഗ് ചീഫ് എഞ്ചിനീയറിന്റെ പൂർണ്ണ അധികാരങ്ങളോടെ.) - മെമ്പർ. |

സെക്ഷൻ ഓഫീസർ